ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. എഫ് - 2/4330/2024/ മെ.വി.വ.** **തീയതി: 28-11-2024**

**പരിപത്രം**

വിഷയം : മെ.വി.വ - ജീവനകാര്യം - ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്ക് സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നത് - സംബന്ധിച്ച് -

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ജീവനക്കാരുടെ സ്പാർക്കിലെ വിവരങ്ങൾ പരിശോധിക്കുന്നതിനും, ജീവനക്കാരുടെ വിവരങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്ത് പൊതുസ്ഥലമാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി സ്പാർക്ക് സോഫ്റ്റ്‌വെയറിനെ കുറ്റമറ്റ രീതിയിൽ സജ്ജമാക്കുന്നതിനുമായി 09/12/2024 തീയതിയിൽ സ്പാർക്ക് (ഫിനാൻസ്) വിഭാഗം ഉദ്യോഗസ്ഥർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം സന്ദർശിക്കുന്നുണ്ട്. ആയതിൻറെ ഭാഗമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ ഉൾപ്പെടെയുള്ള ഓരോ ജീവനക്കാരനും അവരവരുടെ സ്പാർക്ക് ലോഗിൻ ചെയ്ത് നിലവിലെ വ്യക്തിഗത-സർവീസ് വിവരങ്ങൾ സ്പാർക്കിൽ പരിശോധിച്ച് എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിലോ/ഏതെങ്കിലും വിവരങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിലോ ആയത് പരിശോധിച്ച് തിരുത്തേണ്ട/ചേർക്കേണ്ട വിവരങ്ങൾ *01/12/2024 തീയതി 5.00-PM-ന്* മുൻപായി അതാത് ഡി.ഡി.ഒ-മാരെ അറിയിക്കേണ്ടതും, ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ ജീവനക്കാർ അറിയിക്കുന്ന തിരുത്തലുകൾ/കൂട്ടിചേർക്കലുകൾ അനുസരിച്ചുള്ള മാറ്റങ്ങൾ സ്പാർക്കിൽ വരുത്തേണ്ടതുമാണ്. ഡി.ഡി.ഒ -മാർക്ക് ചെയ്യാൻ കഴിയാത്ത തിരുത്തലുകളോ/കൂട്ടിചേർക്കലുകളോ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ *05/12/2024 തീയതി 5.00-PM-ന്* മുൻപ് വകുപ്പ് മേധാവിയായ ഡി.എം.ഇ-യ്ക്ക് സമർപ്പിക്കേണ്ടതാണ്. ഇതിനുശേഷം സ്പാർക്ക് സോഫ്റ്റ്‌വെയറിൽ യാതൊരുവിധ തിരുത്തലുകളും അനുവദിക്കുന്നതല്ല

RIYAZ. M
SENIOR ADMINISTRATIVE OFFICER

പകർപ്പ്: എല്ലാ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും

Signed by
Riyaz M
Date: 28-11-2024 21:04:26